നം.എ.ബി6-20580/16/ആ.വ.ഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 06.05.2016

## സർക്കുലർ

വിഷയം :- 2016-2017 - ൽ ഭവനനിർമ്മാണ വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ അധികമായി പാലിക്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച് :-

സൂചന :- 1. ഈ ഓഫീസിലെ 15/03/2016ലെ ഇതേ നമ്പർ സർക്കുലർ
2. ധനകാര്യവകുപ്പിന്റെ 21/03/2016ലെ 25/2016 - ാം നമ്പർ സർക്കുലർ
3. ധൻകാര്യവകുപ്പിന്റെ 18/04/2016ലെ 35/2016 -ാം നമ്പർ സർക്കുലർ

........

ഭവനവായ്പയ്ക്ക് അപേക്ഷ നൽകുമ്പോൾ അപേക്ഷകനും സ്ഥാപനമേധാവിയും ജില്ലാ മെഡിക്കൽ ഓഫീസർമാരും പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച വിശദമായ സർക്കുലർ ഈ ഓഫീസിൽ നിന്നും സൂചന 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

സൂചന 2, 3 എന്നീ സർക്കുലറുകൾ പ്രകാരം ഇപ്പോൾ സർക്കാരിൽ നിന്നും ഇത് സംബന്ധിച്ച പുതിയ ഏതാനും നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിച്ചിരിക്കുകയാണ്.

2016 ലെ ശമ്പളപരിഷ്കരണ ഉത്തരവിൽ ഭവനനിർമ്മാണവായ്പയുടെ പരിധി 10 ലക്ഷത്തിൽ നന്നും 20 ലക്ഷമായി ഉയർത്തിയിരുന്നു. ഈ ആനുകൂല്യം ലഭിക്കുവാനായി 2015-2016 ൽ ഭവനനിർമ്മാണവായ്പയ്ക്ക് അപേക്ഷ നൽകിയ ഏതാനുംപേർ ഗവൺമെന്റിൽ നിന്നും ഫണ്ട് അലോക്കേഷൻ ലഭ്യമായതിനുശേഷം വായ്പ ആവശ്യമില്ലായെന്ന് അറിയിക്കുകയുണ്ടായി. ഇപ്രകാരമുള്ളവർക്ക് അടുത്ത 2 സാമ്പത്തിക വർഷം ഭവനനിർമ്മാണവായ്പയ്ക്ക് അപേക്ഷ നൽകുവാൻ അർഹത യുണ്ടായിരിക്കുന്നതല്ലായെന്ന് സൂചന 2 പ്രകാരം സർക്കാർ അറിയിച്ചിരിക്കുന്നു. ആയതിനാൽ 2016-2017ലും 2017-2018 ലും ഭവനനിർമ്മാണ വായ്പയ്ക്ക് അപേക്ഷിക്കുന്നവർ ചുവടെ പറയുന്ന സത്യപ്രസ്താവനകൂടി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു.

## Declaration - I

I/We................................................. (Name, Designation and name of office) hereby declare that I / We have not surrendered House Building Advance sanctioned to me/us in the financial year 2015-2016.

Signature
Name and Address of the employee / employees

ഇതുകൂടാതെ 2016-2017 സാമ്പത്തിക വർഷം മുതൽ ഭവന നിർമ്മാണ വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ അപേക്ഷകന്റെ ഭാര്യ / ഭർത്താവ് സർക്കാർ സർവ്വീസിൽ ആണെങ്കിൽ ചുവടെ പറയുന്ന സത്യപ്രസ്താവനകൂടി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണെന്ന് സൂചന 3 പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. സ്ഥാപനമേധാവിയും ബന്ധപ്പെട്ട ഡി.എം.ഒയും സത്യപ്രസ്താവനയിൽ കൗണ്ടർസൗൻ ചെയ്യേണ്ടതുമാണ്.

**<u>സിംഗിൾ അപേക്ഷയാണെങ്കിൽ നൽകേണ്ട സത്യപ്രസ്താവന</u>**

## Declaration - II A

I ................................(name of the spouse) ..................................(Pen No) is an officiating /permanent employee of .................................department, Government of Kerala and I have not availed HBA earlier or applied for House Building Advance Scheme to State Government employees and Teachers separately.

Signature

Head of office & concerned DMO should countersign

Name & Address of the employee

**<u>ജോയിന്റ് അപേക്ഷയാണെങ്കിൽ നൽകേണ്ട സത്യപ്രസ്താവന</u>**

## Declaration - II B

We..................................and.........................................(Name, Designation and Office of both employees) ..................Pen Nos) are officiating/ permanent employees of .....................and .......................Department, Government of Kerala and we have not availed HBA earlier either jointly or separately or applied for House Building Advance Scheme to State Government Employees and teachers separately.

Head of office & concerned DMO should countersign

Signature of both employees

സ്വന്തം പേരിലോ, ഭാര്യ / ഭർത്താവ് / മൈനർ മക്കളുടെ പേരിലോ നിലവിൽ വീട് ഉണ്ടെങ്കിൽ ഭവനനിർമ്മാണ വായ്പയ്ക്ക് അപേക്ഷിക്കുവാൻ അർഹതയില്ലായെന്നാണ് നിയമമെങ്കിലും ഇത് ബോധപൂർവ്വം മറച്ചുവച്ചുകൊണ്ട് ധാരാളംപേർ അപേക്ഷ നൽകുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇനി മുതൽ ഭവനവായ്പയ്ക്ക് അപേക്ഷിക്കുന്നവർ ചുവടെ ചേർക്കുന്ന പ്രകാരമുള്ള സത്യപ്രസ്താവനകൂടി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

## <u>Declaration - III</u>

I/We...................................................(Name, Designation and name of office) hereby declare that I/We do not already own a house anywhere in the country either in my name or in the name of my wife / husband / minor children.

Signature,
Name and Address of the employee

ആയതിനാൽ 2016−2017 മുതൽ ഭവനനിർമ്മാണ വായ്പയ്ക്ക് അപേക്ഷ നൽകുമ്പോൾ സൂചന (1) പ്രകാരമുള്ള സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്ന രേഖകൾക്ക് പുറമേ ടി സത്യപ്രസ്താവനകളിൽ അവരവർക്ക് ബാധകമായിട്ടുള്ള സത്യപ്രസ്താവനകൾ കൂടി ഉള്ളടക്കം ചെയ്ത് നൽകേണ്ടതാണ്.

Sd/-
**ആരോഗ്യവകുപ്പ് ഡയറക്ടർ**

പകർപ്പ് :-

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ് (www.dhs.kerala.in)